(ബി) ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

ജില്ല	ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയവരുടെ എണ്ണം
തിരുവനന്തപുരം	473688
കൊല്ലം	203296
പത്തനംതിട്ട	580255
ആലപ്പുഴ	808712
കോട്ടയം	399815
ഇടുക്കി	83577
എറണാകുളം	930792
തൃശ്ശൂർ	731063
പാലക്കാട്	476804
മലപ്പുറം	718880
കോഴിക്കോട്	251631
വയനാട്	150339
കണ്ണൂർ	220134
കാസർഗോഡ്	226143
ആകെ	6255129

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 195446 പേർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകിയിട്ടുണ്ട്. 42989 പേരുടെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ട്.

കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ നിരോധനം

352 (3986) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വായു മലിനീകരണത്തിന്റെ ഭാഗമായി 15 വർഷം കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഡൽഹിയിൽ നിരോധിച്ചതുപോലെ കേരളത്തിലെ പട്ടണങ്ങളിലും ഇതു സംബന്ധിച്ച് ഗതാഗത വകുപ്പ് വാഹനങ്ങളുടെ രജിസ്ട്രേഷന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

വാഹന സർവ്വീസിംഗ്

353 (3987) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന സർവ്വീസിംഗ് സംബന്ധിച്ച് സർക്കാർ തലത്തിൽ പരാതി കേൾക്കുന്നതിന് സംവിധാനം ഉണ്ടോ ;

(ബി) സാങ്കേതിക പരിജ്ഞാനമില്ലാത്ത വാഹന ഉടമകളെ സഹായിക്കുവാൻ സർവ്വീസിംഗ് സംബന്ധിച്ച് കൂടുതൽ കാര്യക്ഷമമായ നിയമം കൊണ്ടുവരുന്നതു പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1988-ലെ മോട്ടോർ വാഹന നിയമം കേന്ദ്ര നിയമമാണ്. വാഹന സർവ്വീസിംഗ് സംബന്ധിച്ച് ടി നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

പാചകവാതക വാഹനങ്ങളിൽ ജി.പി.എസ്. സുരക്ഷാ സംവിധാനം

354 (3988) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതകം കൊണ്ടു പോകുന്ന വാഹനങ്ങളിൽ നിന്നുമുണ്ടാകുന്ന അഗ്നിബാധയും വാതക ചോർച്ചയുംമൂലമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly